# തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയം

## സങ്കീർത്തനം 34:18

‘‘ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ; മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു.’’

പൂർവ്വപിതാക്കന്മാരുടെ കാലത്ത് അഗ്രചർമ്മത്തിലുള്ള പരിഛേദന ദൈവമുമ്പാകെ നീതീകരിക്കപ്പെടുമ്പോൾ, ഈ കൃപായുഗത്തിൽ നമ്മുടെ ഹൃദയങ്ങളെത്തന്നെ തൂക്കി നോക്കുന്ന ദൈവത്തിന്റെ മുമ്പാകെ വിശുദ്ധരായിത്തീർന്ന് വിശ്വാസത്താലുള്ള നീതീകരണം നാം പ്രാപിക്കണമെന്ന് കർത്താവ് നമ്മോടു കല്പിച്ചിരിക്കുന്നുവല്ലോ? നാമും ജാതികളായിരുന്നപ്പോൾ പുറമേ പലവിധ കർമ്മമാർഗ്ഗങ്ങൾ പ്രമാണിച്ചുകൊണ്ട് ദൈവത്തോട് അടുത്തു ജീവിക്കുന്നവരും ദൈവത്തിന്റെ പ്രസാദം ലഭിച്ചവരുമെന്ന് സ്വയം വിശ്വസിച്ചുകൊണ്ട് കുറേക്കാലം കഴിഞ്ഞു പോന്നിട്ടുണ്ടാവാം. എന്നാൽ ദൈവകൃപ നമ്മുടെമേൽ ഉദിച്ചപ്പോൾ നമ്മുടെ ഹൃദയങ്ങളിൽത്തന്നെ പരിശുദ്ധാത്മാവിന്റെ ഇടപെടൽ ഉണ്ടായതിനെത്തുടർന്ന് അകമേ പുതിയ മനുഷ്യനായിത്തീരുവാൻ നമുക്ക് സാധിച്ചു.

യിരെമ്യാവ് 18:4 ൽ നാം വായിക്കുന്നതുപോലെ കുശവന്റെ കൈയ്യിലെ കളിമണ്ണു കൊണ്ടുണ്ടാക്കിയ പാത്രം ചീത്തയായിപ്പോയി. എന്നാൽ കുശവൻ അത് തനിക്ക് ഇഷ്ടമുള്ള മറ്റൊരു പാത്രമാക്കിത്തീർത്തു. ഇവിടെ നമ്മെ മെനഞ്ഞവനും സൃഷ്ടിച്ചവനുമാകുന്ന കർത്താവിന്റെ കരങ്ങളിൽ നമ്മെത്തന്നേ ഏല്പിച്ചു കൊടുത്താൽ നമ്മെയും കർത്താവിന്റെ തിരുഹിതത്തിനൊത്തവണ്ണം ഒരു നല്ല മാന്യപാത്രമാക്കി അനേകർക്ക് അനുഗ്രഹമാക്കിത്തീർക്കുവാൻ കഴിയുമല്ലോ.

പ്രിയദൈവപൈതലേ, തകർന്ന ഒരു ഹൃദയം, പശ്ചാത്താപമുള്ള ഒരു ഹൃദയം അതാണ് ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്. യെശയ്യാവ് 66:2 ഇപ്രകാരം പറയുന്നു ‘എങ്കിലും അരിഷ്ടനും മനസ്സു തകർന്നവനും എന്റെ വചനത്തിങ്കൽ വിറെക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും’. നമ്മുടെ ഹൃദയത്തിലെ സകല മലിനതകളും കഴുകിക്കളഞ്ഞ് ദൈവത്തിന്റെ തിരുവചനങ്ങൾ ഹൃദയത്തിന്റെ പലകയിൽ എഴുതി ച്ചേർത്തുകൊണ്ട് ദൈവത്തോട് ചേർന്നു വസിക്കുവാൻ നമുക്കു കഴിയണം.

നമ്മുടെ കല്ലായുള്ള ഹൃദയത്തെ മനഃപൂർവ്വമായി ദൈവകരങ്ങളിൽ ഏല്പിച്ചു കൊടുക്കുന്നുവെങ്കിൽ മാംസമായുള്ള ഹൃദയത്തെ നമ്മുടെ ഉള്ളിലാക്കി പുതിയൊരു ആത്മാവിനെ പകർന്നു തരുവാൻ സർവ്വശക്തൻ നമ്മെയും സഹായിക്കും. ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ. അവർ ദൈവത്തെ കാണും എന്ന് വചനം നമ്മെ ഓർമ്മിപ്പി ക്കുകയാണ്.

ആയതിനാൽ ഈ പുതു ദിനത്തിൽ നമ്മുടെ ഹൃദയത്തെത്തന്നെ കീറിമുറിച്ച് കർത്താവിനോട് അടുത്തു ചെല്ലാം. അവിടുത്തെ ഗുണകരമായ പുണ്യാഹരക്തം നമ്മിലെ സകല മലിനതകളേയും നീക്കി ശുദ്ധീകരിക്കുവാൻ ഇടയാകുമല്ലോ. ദൈവം നമ്മെ ഏവരേയും അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

യോവേൽ 2:12,13

എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണഹൃദയത്തോടും ഉപവാസത്തോടും കരച്ചിലോടും വിലാപത്തോടും കൂടെ എങ്കലേക്കു തിരിവിൻ എന്നു യഹോവയുടെ അരുളപ്പാടു. വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നേ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിവിൻ.

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 060